(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും പാതി വഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഉപേക്ഷിക്കേണ്ടിവന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ പണി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ട് പണി തുടങ്ങി പാതി ഉപേക്ഷിക്കപ്പെട്ട പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ ഏഴാം ഘട്ടത്തിലെ അനുമതി ലഭിച്ച 6 റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ എടുക്കാത്ത സാഹചര്യത്തിൽ പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പരിശോധനയിലാണ്.

പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

24 (3307) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് പി എം ജി എസ് വൈ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) റോഡുകളുടെ പേരും, ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly